സി.ജി(2) 43910/08 സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 26/2/2013

**Email :** keralarcs.coop@kerala.gov.in
**Website : www cooperation. kerala.gov.in**

**Tel : No. 0471 2330726**

# സർക്കുലർ നമ്പർ 12/2013

**വിഷയം:** **സഹകരണ വകുപ്പ് – കർഷകർ അടച്ചു തീർത്തിട്ടുള്ള വായ്പകളിൽ കടാശ്വാസ കമ്മീഷൻ പുറപ്പെടുവിക്കുന്ന അവാർഡ് പ്രകാരം കർഷകന് നൽകേ സർക്കാർ വിഹിതം വായ്പക്കാരന് തിരികെ നൽകുന്നതിന് അനുമതി–മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.**

**സൂചന:** **30.1.2013 ലെ സ.ഉ(സാധാ) 58/2013/സഹ.നമ്പർ സർക്കാർ ഉത്തരവ്.**

.................

സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ നിന്നും വായ്പ എടുത്തു കുടിശ്ശിക വരുത്തിയ കർഷകർക്ക് കേരള കർഷക കടാശ്വാസ കമ്മീഷൻ കടാശ്വാസം അനുവദിച്ച് പുറപ്പെടുവിക്കുന്ന അവാർഡുകളിൽ കർഷകർ അടയ്ക്കേ വിഹിതവും സർക്കാർ അനുവദിക്കുന്ന ഇളവുകളും പരാമർശിക്കാറു ്. ടി അവാർഡുകളിൽ സർക്കാർ വിഹിത മായി വകയിരുത്തിയിട്ടുള്ള തുക ബഡ്ജറ്റ് വിഹിതത്തിനനുസൃതമായിട്ടാണ് സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് നൽകാറുള്ളത്. ആയതിനാൽ ടി തുക ലഭിക്കുന്നതിന് കാലതാമസം ഉ ാകാറു ്. എന്നാൽ സർക്കാർ വിഹിതം ഉൾപ്പെടെ മുഴുവൻ തുകയും അടച്ച് വായ്പ കണക്ക് അവസാനിപ്പിക്കുന്നവർക്ക് സർക്കാർ അനുവദിക്കുന്ന തുക കടാശ്വാസത്തിനായി പരിഗണിച്ചിരുന്നില്ല.

വസ്തു ക്രയവിക്രയം നടത്താനോ മറ്റു കരണങ്ങളാലോ ആണ് വായ്പക്കാർ കൂടിയ പലിശ നിരക്കിൽ വായ്പ വാങ്ങി സർക്കാർ നൽകേണ്ടതുൾപ്പെടെയുള്ള വിഹിതം അടച്ച് വായ്പാ കണക്ക് അവസാനിപ്പിച്ചിട്ടുള്ളത് എന്ന് സർക്കാരിന് ബോധ്യം വന്നിട്ടുള്ളതിനാൽ കർഷകർ അടച്ചു തീർത്തിട്ടുള്ള ഇത്തരം വായ്പകളിൽ കടാശ്വാസ കമ്മീഷൻ പുറപ്പെടുവിക്കുന്ന അവാർഡ് പ്രകാരം കർഷകന് നൽകേ സർക്കാർ വിഹിതം വായ്പക്കാരന് തിരികെ നൽകുന്നതിന് സൂചന പ്രകാരം സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ചുവടെ പരാമർശിക്കുന്ന മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

കേരള കർഷക കടാശ്വാസ കമ്മീഷൻ കർഷകർക്ക് നൽകിയിട്ടുള്ള അവാർഡുകളുമായി ബന്ധപ്പെട്ട് **സർക്കാർ ഏറ്റെടുത്ത ബാധ്യത കൂടി വായ്പക്കാരൻ തന്നെ അടച്ച് വായ്പ കണക്ക് അവസാനിപ്പിച്ചിട്ടുള്ള കേസുകളിൽ സർക്കാർ ഏറ്റെടുത്തതും അനുവദിച്ച് നൽകുന്നതുമായ തുകയ്ക്ക് വായ്പക്കാരന് അർഹതയു ായിരിക്കും**. ടി തുക വായ്പക്കാരന്റെ നിലവിലുള്ള മറ്റേതെങ്കിലും വായ്പ കണക്കിലോ/സേവിംഗ്സ് ബാങ്ക് അക്കൗ ിലോ വായ്പക്കാരന് രേഖാമൂലം അറിയിപ്പ് നൽകി വരവ് വെച്ച് നൽകേണ്ടതാണ്.

കമ്മീഷൻ കടാശ്വാസം നൽകി ഉത്തരവ് നൽകി കഴിഞ്ഞാൽ ഉത്തരവിൽ പറയുന്ന തീയതിയ്ക്കകം യാതൊരു തരത്തിലുള്ള റിക്കവറി നടപടികളും കർഷകനെതിരെ സ്വീകരിക്കുവാൻ പാടില്ലായെന്നും നിർദ്ദേശിക്കുന്നു.

മേൽ നിർദ്ദേശം എല്ലാ സഹകരണ സംഘങ്ങളും പാലിക്കേണ്ടതും, പാലിക്കുന്നു െ ന്ന് വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിച്ച് ഉറപ്പാക്കേണ്ടതുമാണ്.

സർക്കാർ ഏറ്റെടുത്ത ബാധ്യത കൂടി വായ്പക്കാരൻ തന്നെ അടച്ച് വായ്പ കണക്ക് അവസാനിപ്പിച്ചിട്ടുള്ളതിനാൽ സർക്കാർ ആനുകൂല്യത്തിന് അർഹതയില്ലായെന്ന് മുൻ പരിശോധനകളിൽ വകുപ്പ് തല ഉദ്യോഗസ്ഥർ ക    ത്തി റിപ്പോർട്ട് ചെയ്തിട്ടുള്ള കേസു-കളിൽ ടി സർക്കുലർ മാർഗ്ഗ നിർദ്ദേശത്തിന് അനുസൃതമായി ഓരോ ജില്ലയ്ക്കും സർക്കാർ ഉത്തരവുകൾ പ്രകാരം അധികമായി എത്ര രൂപയ്ക്കാണ് അർഹതയുള്ളതെന്ന് വ്യക്തമാക്കി ഒരു മാസത്തിനകം പ്രൊപ്പോസൽ സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതുമാണ്.

ഒപ്പ്,
കെ.വി.സുരേഷ് ബാബു
സഹകരണസംഘം രജിസ്ട്രാറുടെ ചുമതല
വഹിക്കുന്ന അഡിഷണൽ രജിസ്ട്രാർ **(ക്രെഡിറ്റ്)**